**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035
ഫോൺ: 0471 2302490 ഫാക്സ് : 0471 2303025 / 2303080
ഇ മെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ് : www.dhs.kerala.gov.in

---

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം:- ആ.വ.ഡ. - ശ്രീ. അഖിൽ ജ്യോതിഷ് കെ സി, റേഡിയോഗ്രാഫർ ഗ്രേഡ് II - റേഡിയോഗ്രാഫർ ഗ്രേഡ് II കേഡറിലെ പ്രൊബേഷൻ അവസാനിപ്പിച്ചു സർവീസിൽ നിന്നും നീക്കം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ 06.02.2024 ലെ DMOHKNR/414/24-A5 നമ്പർ കത്ത്
2. നം. DHS/5623/2024-EF3/തീയതി 25.03.2024

**ഉത്തരവ് നം: ആ.വ.ഡ./5623/2024/ഇ.എഫ്.3 തീയതി:** 08-03-2025

---

ശ്രീ. അഖിൽ ജ്യോതിഷ് കെ സി (PEN 493910), 21.03.2013 ൽ റേഡിയോഗ്രാഫർ ഗ്രേഡ് II ആയി ആരോഗ്യവകുപ്പിൽ സേവനത്തിൽ പ്രവേശിച്ചു. കണ്ണൂർ മങ്ങാട്ടുപറമ്പ് ഇ കെ എൻ എം ഗവ. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ റേഡിയോഗ്രാഫർ ഗ്രേഡ് II ആയി ജോലി ചെയ്യവേ 22.05.2013 തീയതിയിൽ ടിയാൾ KSR Part-1 Appendix XII A പ്രകാരം 5 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. അവധികാലയളവ് തീർന്ന മുറയ്ക്ക് ടിയാന്റെ അപേക്ഷ പ്രകാരം 5 വർഷത്തേക്ക് കൂടി അവധി ദീർഘിപ്പിച്ചു നൽകുകയുണ്ടായി. ശൂന്യവേതനാവധി കാലാവധി അവസാനിച്ചു 22.05.2023 തീയതിയിൽ ജോലിയിൽ പ്രവേശിക്കേണ്ട ശ്രീ. അഖിൽ ജ്യോതിഷ് കെ സി അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും

ടിയാളുടെ വർക്ക് & കണ്ടക്ട് (Work&Conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിനു കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിനു പരാമർശം (2) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു. എന്നാൽ ശ്രീ. അഖിൽ ജ്യോതിഷ് കെ സി പ്രസ്തുതനോട്ടീസിനോട് പ്രതികരിച്ചിട്ടില്ല. തുടർന്ന് 2024 മെയ് 1 നു കാരണം കാണിക്കൽ നോട്ടീസ് പ്രമുഖ മലയാള ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിനുശേഷവും ശ്രീ. അഖിൽ ജ്യോതിഷ് കെ സി മറുപടി നല്കുകയുണ്ടായില്ല.

22.05.2023 മുതൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷനർ ആയ ശ്രീ. അഖിൽ ജ്യോതിഷ് കെ സി യുടെ വർക്ക് & കണ്ടക്ട് തൃപ്തികരമല്ല എന്നു വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ശ്രീ. അഖിൽ ജ്യോതിഷ് കെ സി, റേഡിയോഗ്രാഫർ ഗ്രേഡ് II ന്റെ പ്രൊബേഷൻ അവസാനിപ്പിച്ചു ടിയാളെ സർവീസിൽ നിന്നും നീക്കം ചെയ്തു ഇതിനാൽ ഉത്തരവാകുന്നു.

Signed by
Reena K J
Date: 08-03-2025 19:01:48

**Dr REENA K J**
**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

**Shri. Akhil Jyothish K C**
**Kattakayam House**
**Perambra, Kozhikkode 673525**
(രജിസ്റ്റേഡ് - എ.ഡി.സഹിതം)

പകർപ്പ്:-

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കണ്ണൂർ
2. സൂപ്രണ്ട്, ഇ കെ എൻ എം ഗവ. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മങ്ങാട്ടുപറമ്പ്, കണ്ണൂർ
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
4. ഫയൽ/സ്റ്റോക്ക് ഫയൽ